"ഭരണഭാഷ-മാതൃഭാഷ"

എച്ച്4/10191/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 21.11.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - അധ്യാപക പാക്കേജ് - പൂളിംഗ് അടിസ്ഥാനത്തിൽ നിയമിതരായ സ്പെഷ്യലിസ്റ്റ് അധ്യാപകരെപ്പറ്റിയുള്ള വിവരശേഖരണം സംബന്ധിച്ച്

സൂചന : 1 20.10.2018 ലെ സർക്കാർ കത്ത് നമ്പർ 58764/ജെ3/16/പൊ.വി.വ

2. 01.10.2011 ലെ ജി.ഒ(പി) നമ്പർ 199/2011/പൊ.വി.വ
3. 12.04.2012 ലെ ജി.ഒ(പി) നമ്പർ 116/2012/പൊ.വി.വ
4. 02.07.2012 ലെ ജി.ഒ(എം.എസ്) നമ്പർ 211/2012/പൊ.വി.വ
5. 05.12.2012 ലെ ജി.ഒ(എം.എസ്) നമ്പർ 383/2012/പൊ.വി.വ

സൂചന (2) ലെ അധ്യാപക പാക്കേജ് ഉത്തരവിന്റെ ഭാഗമായി സൂചന (3) മുതൽ (5) വരെയുള്ള ഉത്തരവുകൾ വഴി, അക്കാലം വരെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അംഗീകൃത തസ്തികയില്ലാതെയും നിയമനാംഗീകാരമില്ലാതെയും തുടർന്നു വന്ന 184 (127+6+51) സ്പെഷ്യലിസ്റ്റ് അധ്യാപകരെ പൂളിംഗ് അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ നിയമിച്ചിരുന്നു. ഇവരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ്, പി.എഫ് അംഗത്വം, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയവ അനുവദിക്കുന്നതു സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി സർക്കാർ പ്രസ്തുത അധ്യാപകരുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. **ആയതിനാൽ എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും താഴെപറയുന്ന കാര്യങ്ങൾ അടിയന്തരമായി ചെയ്യുക.**

1. ജില്ലയിലെ/ഉപജില്ലയിലെ, മേൽപ്പറഞ്ഞ പ്രകാരം പൂളിംഗ് അടിസ്ഥാനത്തിൽ നിയമിതരായ എല്ലാ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും സേവന പുസ്തകങ്ങൾ പരിശോധിച്ച് ഇതോടൊപ്പമുള്ള എക്സൽ പ്രൊഫോർമയിൽ ('എ3' വലുപ്പമാണ്. സൈസ് മാറ്ററുത്) വിവരങ്ങൾ രേഖപ്പെടുത്തുക. (സൂചന (3) മുതൽ (5) വരെയുള്ള ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പമുണ്ട്. അവയിൽ ഉൾപ്പെടാതെ, വ്യക്തിഗത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായ അധ്യാപകരും ഉണ്ടാകും. അവരുൾപ്പെടെ ഒരാളെപ്പോലും വിട്ടുപോകാതെ വേണം ലിസ്റ്റ് തയ്യാറാക്കേണ്ടത്. വ്യക്തിഗത ഉത്തരവ് വഴി ലിസ്റ്റിൽ

ഉൾപ്പെടുത്തിയവരുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് കൂടി പൂരിപ്പിച്ച പ്രൊഫോർമയോടൊപ്പം നൽകണം.)

2. ജില്ലയിലെ/ഉപജില്ലയിലെ അധ്യാപകരെ സംബന്ധിച്ച് താഴെപറയുന്ന വിവരങ്ങൾ അക്കമിട്ട് രേഖപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കുക.
    - ഇവരെ ആദ്യം ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിരുന്നോ? പിന്നീട് എല്ലാ സ്പെഷ്യലിസ്റ്റ് അധ്യാപകരെയും പൂൾ ചെയ്ത് ഗവൺമെന്റ് സ്കൂളിൽ നിയമിച്ചിട്ടുണ്ടോ? ഇപ്പോഴും ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി തുടരുന്നവരുണ്ടോ?
    - ഇപ്പോൾ എത്ര പേർ തിരികെ മാതൃ സ്കൂളിൽ പോയിട്ടുണ്ട്? എത്ര പേർ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി/സ്പെഷ്യലിസ്റ്റ് അധ്യാപകരായി ഗവൺമെന്റ് സ്കൂളിൽ ജോലി ചെയ്യുന്നു?
    - ഗവൺമെന്റ് സ്കൂളിൽ നിയമിതരായവർക്കു ശമ്പളം മാത്രമാണോ അതോ മറ്റു ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോ? എവിടെ നിന്നും?
    - മാതൃ സ്കൂളിലല്ലാതെ മറ്റേതെങ്കിലും എയ്ഡഡ് സ്കൂളിൽ ഒഴിവു വന്ന് ഇവരെ നിയമിച്ചിട്ടുണ്ടോ?
3. **എ.ഇ.ഒ/ഡി.ഇ.ഒ മാർ പൂരിപ്പിച്ച 'എ3' വലുപ്പത്തിലുള്ള പ്രൊഫോർമയും റിപ്പോർട്ടും എല്ലാ അധ്യാപകരുടെയും സേവന പുസ്തകങ്ങളും 26.11.2018 ന് രാവിലെ 10 മണിക്കു തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് എത്തിക്കുക.**
4. വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രൊഫോർമയിലെ വിവരങ്ങൾ റവന്യൂ ജില്ലാതലത്തിൽ ക്രോഡീകരിക്കുക. (എക്സൽ ഷീറ്റിൽ - 'എ3' വലുപ്പം)
5. **റവന്യൂ ജില്ലാതലത്തിൽ ക്രോഡീകരിച്ച എക്സൽ ഷീറ്റ്, ജില്ല/ഉപജില്ലകളിൽ നിന്നുള്ള റിപ്പോർട്ട്, ഉത്തരവുകളുടെ പകർപ്പ്, എല്ലാ അധ്യാപകരുടെയും സേവന പുസ്തകങ്ങൾ എന്നിവ 27.11.2018 ന് രാവിലെ 10 മണിക്ക് താഴെപറയുന്ന കളക്ഷൻ സെന്ററുകളിൽ എത്തിക്കണം.** ഡയറക്ടറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ സേവന പുസ്തകങ്ങൾ അവിടെ വച്ച് പരിശോധിച്ചതിനുശേഷം അന്നു തന്നെ അവ തിരികെ നൽകുന്നതാണ്. **(റവന്യൂ ജില്ലാതലത്തിൽ ക്രോഡീകരിച്ച പ്രൊഫോർമ (എക്സൽ ഷീറ്റ്) 27.11.2018 രാവിലെ 11 നു മുമ്പ് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഡയറക്ടറേറ്റിലേക്ക് hsectiondpi@gmail.com എന്ന ഇ-മെയിൽ വിലാസ ത്തിലേക്ക് അയക്കുകയും വേണം.)**

**കളക്ഷൻ ക്യാമ്പുകൾ**

| | |
|---|---|
| തിരുവനന്തപുരം, കൊല്ലം ജില്ലകൾ | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷൻ |
| ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകൾ | കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് |
| എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകൾ | തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് |
| കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകൾ | കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് |

പട്ടികയിൽ ഒന്നാം കോളത്തിലെ ജില്ലകൾക്ക് അവർക്ക് നിശ്ചയിച്ചിരിക്കുന്ന 2-ാം കോളത്തിലെ ഓഫീസിനേക്കാൾ എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഓഫീസുകൾ 2-ാം കോളത്തിൽ ഉണ്ടെങ്കിൽ ഫോറങ്ങൾ അവിടെ എത്തിച്ചാലും മതിയാകും. വിവരം മുൻകൂട്ടി ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷനിൽ അറിയിക്കേണ്ടതാണ്.

**ഈ കാര്യാലയത്തിൽ നിന്നുള്ള 27.10.2018 ലെ കത്തുകൾ നമ്പർ എച്ച്2/21500/2018/ ഡി.പി.ഐ (തസ്തിക നിർണയം 2018-19 - സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം), എച്ച്2/10365/ 2017/ഡി.പി.ഐ (29.01.2016 വരെയുള്ള കുടിശ്ശിക ശമ്പളം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കൽ) എന്നിവയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും രേഖകളും കൂടി 27.11.2018 ന് മേൽപറഞ്ഞ കളക്ഷൻ സെന്ററുകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ എത്തിക്കേണ്ടതാണ്.**

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം :

1. പ്രൊഫോർമ
2. സൂചന (3) മുതൽ (5) വരെയുള്ള ഉത്തരവുകളുടെ പകർപ്പുകൾ (14 പേജുകൾ)